# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*59** 10.03.2015 ൽ മറുപടിക്ക്

**റെയിൽവേ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ.എ.കെ.ബാലൻ :<br>,, വി.ശിവൻകുട്ടി :<br>,, ബാബു എം. പാലിശ്ശേരി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികളിൽ സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന പദ്ധതികൾ ഏതൊക്കെയായിരുന്നുവെന്ന് വില യിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) യും (ബി) യും | ഉണ്ട്<br><br>1. റെയിൽ കോച്ച് ഫാക്ടറി - പാലക്കാട്<br><br>ഫാക്ടറി JV/ PPP രീതിയിൽ സ്ഥല വില കൂട്ടാതെ 550 കോടി രൂപ ചെലവിൽ നിർമ്മിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഭൂമി സംസ്ഥാന സർക്കാർ നല്കിയിട്ടുണ്ട്. ഫാക്ടറി സ്ഥാപിക്കുന്ന തിനായി സ്വകാര്യ സംരംഭകനെ കേന്ദ്ര സർക്കാർ തീരുമാനിച്ചതിനുശേഷം മാത്രമേ പദ്ധതി നിർമ്മാണം ആരംഭിക്കാനാവൂ. ഫാക്ടറി നിർമ്മാണത്തിൽ പങ്കാളിയാക്കാൻ SAIL താല്പര്യ പത്രം നല്കിയെങ്കിലും റെയിൽവേ സ്വകാര്യ സംരംഭകനെ തിരഞ്ഞെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്. ഫാക്ടറി നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തി യാക്കാനായി കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നത തലത്തിലുള്ള ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2015-16- ൽ സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ പ്രധാനമന്ത്രിക്കും, കേന്ദ്ര റെയിൽവേ മന്ത്രിക്കും നല്കിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. കൂടാതെ ഈ പദ്ധതിയോടൊപ്പം പ്രഖ്യാപിച്ച റായ് ബറേലിയിലെ ഫാക്ടറി പ്രവർത്തനം |
| (ബി) | പ്രഖ്യാപിത പദ്ധതികൾ നടപ്പിലാ ക്കുന്നതിന് സാധിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ: വിശദമാക്കാമോ : | | |

| | | | |
|---|---|---|---|
| | | | ആരംഭിച്ച സാഹചര്യത്തിൽ പദ്ധതി സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി ബഹു ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു കേന്ദ്ര റെയിൽവേ മന്ത്രിക്കും സമർപ്പിച്ച കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടത്തിലും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ കേവലം 10 ലക്ഷം രൂപ മാത്രമാണ് ഈ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ളത്.<br>**2. <u>വാഗൺ ഫാക്ടറി ചേർത്തല</u>**<br>ഈ പദ്ധതിക്കായി റെയിൽവേ ആവശ്യപ്പെട്ട അത്രയും ഭൂമി സൗജന്യമായി റെയിൽവേക്ക് നല്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച Right to Fair Compensation Transparency in land acquiescing Relief of Rehabilitation Act- 2013 പ്രകാരം രൂപപ്പെടുത്തുന്ന ചട്ട പ്രകാരം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുന്നതു സംബന്ധിച്ചും ഇതിനായി റെയിൽവേയക്ക് 30 വർഷത്തേക്ക് പാട്ടക്കരാർ അടിസ്ഥാനത്തിൽ ഭൂമി നൽകുന്നതിന് റെയിൽവേ നിർദ്ദേശം സമർപ്പിച്ചിരുന്നു. അതു സംബന്ധിച്ച ധാരണ പത്രം ഒപ്പുവെയ്ക്കുന്നതിനും റെയിൽവേ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ ഈ ആവശ്യത്തിനായി കൈമാറുന്ന ഭൂമിയിൽ വാഗൺ ഫാകടറി ഉറപ്പായി സ്ഥാപിക്കുമെന്നുള്ള റെയിൽവേയുടെ എഴുതിയുള്ള ഉറപ്പ് നൽകുവാൻ റെയിൽവേയോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. |
| **(സി)** | മുൻ സർക്കാർ 2010 ൽ ഏറ്റെടുത്ത് നൽകിയ പാലക്കാട്ടെ ഭൂമിയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കാനുള്ള നടപടിയിൽ പുരോഗതി | **(സി)** | (i) <u>പാലക്കാട് റെയിൽകോച്ച് ഫാക്ടറി</u>:<br>2008-09 ലെ റെയിൽവേ ബഡ്ജറ്റിലാണ് ഈ പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. 21.02.2012 ന് പദ്ധതിയുടെ ശിലാസ്ഥാപനം നടന്നു. പദ്ധതിക്കായി 430.59 ഏക്കർ |

| | | | |
|---|---|---|---|
| | ഉണ്ടായിട്ടുണ്ടോ ; | | ഭൂമിയാണ് ആവശ്യം. അതിൽ 239 ഏക്കർ ഭൂമി 33.70 കോടി രൂപയ്ക്ക് റെയിൽവേക്ക് കൈമാറിയിട്ടുണ്ട്. സ്ഥലവില കൂട്ടാതെ 550 കോടി രൂപ ചിലവിൽ JV/PPP മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്വകാര്യ പങ്കാളിയെ കണ്ടെത്താൻ RITES നെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. RFQ 09.09.2013 ന് പ്രസിദ്ധപ്പെടുത്തി. അതേ സമയം ഫാക്ടറി നിർമ്മാണത്തിൽ പങ്കാളിയാക്കാൻ SAIL താല്പര്യ പത്രം നല്കിയെങ്കിലും റെയിൽവേ സ്വകാര്യ സംരംഭകനെ തിരഞ്ഞെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്. എന്നാൽ ഇക്കൊല്ലത്തെ റെയിൽവേ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് കേവലം പത്തു ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | നേമത്ത് റെയിൽവേയുടെ സ്ഥലത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയ കോച്ച് പീരിയോഡിക് ഓവർ ഹോളിംഗ് കേന്ദ്രത്തിന്റെ പ്രവർത്തനം നടത്താൻ സാധിക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ; | (ഡി) | റെയിൽവേയിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. |
| (ഇ) | ഇത്തരം പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടിയും , പദ്ധതികൾ നടപ്പിലാകാത്തതിന്റെ ഭാഗമായി സംസ്ഥാനത്തിന് ഏതെല്ലാം തരത്തിലുള്ള നഷ്ടങ്ങൾ സംഭവിച്ചുണ്ടെന്നും വ്യക്തമാക്കുമോ ; | (ഇ) | വിവിധ പദ്ധതികൾ റെയിൽവേ പ്രഖ്യാപിച്ച ശേഷം അവ നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളെല്ലാം തന്നെ റെയിൽവേയാണ് നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് തീരുമാനിക്കുന്നത് എന്നതിനാൽ അത്തരത്തിൽ വിശകലനം നടത്തിയിട്ടില്ല. |
| (എഫ്) | സംസ്ഥാനത്ത് ഇതിനകം പ്രഖ്യാപിച്ച റെയിൽവേ പദ്ധതികളിൽ നടപ്പിൽ വരുത്താത്തവ ഏതൊക്കെയാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (എഫ്) | മുകളിൽ 'എ', 'ബി' ചോദ്യത്തിനുള്ള മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**